**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3087** **25-06-2024 - ൽ മറുപടിയ്ക്ക്**

**തീരദേശ സംരക്ഷണത്തിനായി ഓഫ് ഷോർ ബ്രേക്ക് വാട്ടർ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന തീരദേശ സംരക്ഷണത്തിനായി ആവിഷ്കരിച്ച ഓഫ് ഷോർ ബ്രേക്ക് വാട്ടർ പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കിയിട്ടുണ്ടോ; പദ്ധതി ഫലം കണ്ടുവോ; വിശദമാക്കാമോ; | (എ) | ഉണ്ട്. ഇതിനോടകം 200 മീറ്ററിൽ ഓഫ്ഷോർ ബ്രേക്ക് വാട്ടർ സ്ഥാപിച്ചിട്ടുണ്ട്.<br><br>തുടർന്ന് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യൻ ടെക്നോളജി (NIOT), ചെന്നൈ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ (KSCADC) എന്നിവർ സംയുക്തമായി നടത്തിയ പ്രാഥമിക നിരീക്ഷണത്തിൽ തീരസംരക്ഷണത്തിന് അനുയോജ്യമായ നൂതന മാർഗ്ഗമായി പ്രസ്തുത പദ്ധതിയെ വിലയിരുത്തിയിട്ടുണ്ട്. കേരളത്തിൽ തന്നെ രൂക്ഷമായ കടലാക്രമണം അനുഭവപ്പെടുന്ന പൂന്തുറ പ്രദേശത്ത് പരീക്ഷണാടിസ്ഥാനത്തിൽ സജ്ജമാക്കിയ ഓഫ്ഷോർ ബ്രേക്ക് വാട്ടർ മൂലം തീരത്ത് കടലാക്രമണം കുറയുകയും സുരക്ഷിതത്വം അനുഭവപ്പെടുകയും ചെയ്യുന്നു എന്നതിനാൽ മൂലം പ്രസ്തുത പദ്ധതി തീരസംരക്ഷണത്തിന് അനുയോജ്യമാണെന്ന് കാണുന്നു. |
| (ബി) | പരീക്ഷണം വിജയകരമാണെങ്കിൽ സംസ്ഥാനത്തെ തീരദേശ മേഖലകളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനെക്കുറിച്ച് ആലോചിക്കുമോ; എങ്കിൽ അതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | പൂന്തുറ കൂടാതെ വലിയതുറ പ്രദേശത്ത് കൂടി പദ്ധതി വ്യാപിപ്പിക്കുന്നതിനുള്ള 150 കോടി രൂപയുടെ പദ്ധതിക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. പൂന്തുറയിലെ പദ്ധതി പൂർത്തിയാക്കിയ ശേഷം കൂടുതൽ വിലയിരുത്തൽ നടത്തി പദ്ധതി മറ്റു പ്രദേശങ്ങളിൽ നടപ്പാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ